**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*583** **23.05.2017 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ ലഭിച്ചിരുന്ന അനർഹരായ ആളുകളെ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

**ചോദ്യം**
**ശ്രീ.കെ. രാജൻ**
**ശ്രീ.സി. ദിവാകരൻ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | കർഷക പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | എ) & ബി) | കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം കർഷക പെൻഷൻ നൽകുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.<br>2.തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25/-രൂപ ആയിരിക്കും.<br>3. കർഷകന്റെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയായിരിക്കണം. |
| ബി) | കർഷക പെൻഷൻ ലഭിച്ചിരുന്ന അനർഹരായ ആളുകളെ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | 4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചുവരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.<br>6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് പത്ത് വർഷമെങ്കിലും കാർഷികമേഖലയിൽ ജോലിചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്<br>7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈചെയ്യേണ്ടതും ഓരോ മാസത്തേയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.<br>8. ഒരു കുടുംബത്തിൽ ഭാര്യയ്ക്കോ/ ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷകപെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റ് വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.<br>9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷകപെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.<br>10. മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | 11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.<br>12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. |
| സി) | പെൻഷൻ പദ്ധതിയിൽ, അംഗമായിട്ടുള്ളവരുടെ ആധാർകാർഡ് വിവരങ്ങൾ ചേർക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | സി) | പുതുക്കിയ മാനദണ്ഡമനുസരിച്ച് ആധാർ കാർഡുമായി ബന്ധപ്പെടുത്തി കർഷക പെൻഷന് അർഹരായവർക്ക് കർഷക പെൻഷൻ അനുവദിക്കുന്നത് പരിശോധിച്ചു വരികയാണ്. ആധാർ കാർഡില്ലാത്തവരുടെ വിവരങ്ങൾ ഉറപ്പു വരുത്താൻ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. |
| ഡി) | ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ കർഷക പെൻഷൻ എത്ര മാസം കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ? | ഡി) | ഈ സർക്കാർ ചുമതല ഏൽക്കുമ്പോൾ 2015 മാർച്ച് മാസം മുതൽ 2016 മേയ് വരെ 14 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. ജില്ലാ അടിസ്ഥാനത്തിലുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ല | എത്രമാസം കുടിശ്ശികയുണ്ടായിരുന്നു | കുടിശിക തുക (കോടി) |
|---|---|---|
| തിരുവനന്തപുരം | 15 | 11.00 |
| കൊല്ലം | 14 | 20.43 |
| ആലപ്പുഴ | 14 | 18.21 |
| കോട്ടയം | 14 | 23.71 |
| പത്തനംതിട്ട | 14 | 14.76 |
| ഇടുക്കി | 10 | 8.676 |
| എറണാകുളം | 14 | 21.27 |
| തൃശ്ശൂർ | 14 | 26.13 |

| | | |
|---|---|---|
| പാലക്കാട് | 15 | 24.11 |
| മലപ്പുറം | 10 | 18.38 |
| കോഴിക്കോട് | 12 | 29.30 |
| വയനാട് | 18 | 11.21 |
| കണ്ണൂർ | 15 | 34.06 |
| കാസർഗോഡ് | 13 | 25.95 |
| | **ആകെ -** | **287.196** |

**സെക്ഷൻ ഓഫീസർ**